## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2481 — 01.04.2013-ൽ മറുപടിയ്ക്ക്

### ഭൂഗർഭ ജലനിരപ്പിലെ വ്യതിയാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.പി. അബ്ദുസ്സമദ് സമദാനി<br>ശ്രീ. പി.ബി. അബ്ദുൾ റസാക്<br>ശ്രീ. റ്റി.എ. അഹമ്മദ് കബീർ<br>ശ്രീ. സി. മമ്മൂട്ടി | ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പു മന്ത്രി) |

എ) സംസ്ഥാനത്ത് ഭൂഗർഭജല നിരപ്പിലെ വ്യതിയാനം നിരീക്ഷിക്കാൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്താണെന്ന് വിശദമാക്കുമോ ;

എ) ലോകബാങ്ക് സഹായത്തോടെ ഭൂജല വകുപ്പ് ഹൈഡ്രോളജി പ്രൊജക്ട് നടപ്പിലാക്കി വരുന്നു. പ്രസ്തുത പ്രൊജക്ടിന്റെ പ്രകാരമുള്ള ഹൈഡ്രോളജിക്കൽ ഇൻഫർമേഷൻ സിസ്റ്റത്തിന്റെ സഹായത്തോടുകൂടി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ചിട്ടുള്ള 871 നിരീക്ഷണ കിണറുകളിൽ നിന്നും എല്ലാ മാസവും ജല വിതാനം എടുക്കുകയും അപഗ്രഥന പഠനം നടത്തുകയും ചെയ്യുന്നു.

ബി) പ്രസ്തുത സംവിധാനം മുഖേന ഓരോ വർഷവും ജലവിതാനത്തിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ സംബന്ധിച്ച് വിവരശേഖരണം നടത്താറുണ്ടോ ; എങ്കിൽ കഴിഞ്ഞ അഞ്ചുവർഷം ജലനിരപ്പിലുണ്ടായിട്ടുള്ള വ്യതിയാനത്തിന്റെ കണക്ക് ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

ബി) ഭൂജല വകുപ്പ് സ്ഥാപിച്ചിട്ടുള്ള 871 നിരീക്ഷണ കിണറുകളിൽ നിന്നും ലഭ്യമാകുന്ന വിവരങ്ങൾ അനുസരിച്ച് ഓരോ വർഷവും ജല വിതാനത്തിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ സബന്ധിച്ച് വിവരശേഖരണം നടത്തുന്നുണ്ട്.

2004 മാർച്ചിനു ശേഷമുള്ള 5 വർഷക്കാലയളവിൽ ജില്ലകളിൽ രേഖപ്പെടുത്തിയിട്ടുള്ള ശരാശരി ജലനിരപ്പിലുണ്ടായിട്ടുള്ള വ്യതിയാനത്തിന്റെ കണക്ക് (മിനിമം - മാക്സിമം) ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

| ജില്ല | മിനിമം | മാക്സിമം |
|---|---|---|
| തിരുവനന്തപുരം | 0.34 മീറ്റർ | 2.58 മീറ്റർ |
| കൊല്ലം | 0.55 മീറ്റർ | 3.46 മീറ്റർ |
| ആലപ്പുഴ | 0.33 മീറ്റർ | 1.00 മീറ്റർ |
| പത്തനംതിട്ട | 0.11 മീറ്റർ | 1.72 മീറ്റർ |
| കോട്ടയം | 0.02 മീറ്റർ | 1.38 മീറ്റർ |
| ഇടുക്കി | 0.342 മീറ്റർ | 1.06 മീറ്റർ |
| എറണാകുളം | 0.17 മീറ്റർ | 2.32 മീറ്റർ |
| തൃശ്ശൂർ | 0.472 മീറ്റർ | 2.25 മീറ്റർ |
| പാലക്കാട് | 0.47 മീറ്റർ | 4.63 മീറ്റർ |
| മലപ്പുറം | 0.502 മീറ്റർ | 2.04 മീറ്റർ |
| വയനാട് | 0.59 മീറ്റർ | 1.19 മീറ്റർ |
| കോഴിക്കോട് | 0.34 മീറ്റർ | 2.04 മീറ്റർ |
| കണ്ണൂർ | 0.272 മീറ്റർ | 1.89 മീറ്റർ |
| കാസർഗോഡ് | 0.12 മീറ്റർ | 0.59 മീറ്റർ |

| | | | |
|---|---|---|---|
| സി) | പ്രസ്തുത ജലനിരപ്പിലെആശങ്കയുണർത്തുന്ന സ്ഥിതിവിശേഷത്തെക്കുറിച്ച് റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; | സി) | ഉണ്ട് |
| ഡി) | എങ്കിൽ ഏറ്റവുമൊടുവിൽ റിപ്പോർട്ട് ലഭ്യമായതെന്നാണെന്നും ആയതിന്റെ വിശദാംശവും അറിയിക്കുമോ ? | ഡി) | 2012 - ലാണ് ഏറ്റവുമൊടുവിൽ റിപ്പോർട്ട് പ്രസിദ്ധീകരിച്ചത്. സംസ്ഥാനത്തെ ഭൂഗർഭ ജലത്തിന്റെ സ്ഥിതിയും ലഭ്യതയും സംബന്ധിച്ച് കേന്ദ്ര ഭൂജല ബോർഡും സംസ്ഥാന ഭൂജല വകുപ്പും സംയുക്തമായിട്ടാണ് പഠനം നടത്തുന്നത്. പ്രസ്തുത പഠന റിപ്പോർട്ട് പ്രകാരം (2009 വരെയുള്ള ഭൂജല സ്ഥിതി പ്രകാരം) ആകെ വാർഷിക ഭൂജല സംപോഷണം 6.620 ബി.സി.എം, ആകെ ഭൂജല ലഭ്യത 6.029 ബി.സി.എം എന്നാണ് കണക്കാക്കിയിട്ടുള്ളത്. ഇതിൻ പ്രകാരം ഭൂഗർഭ ജലത്തിന്റെ സ്ഥിതിയെ അടിസ്ഥാനപ്പെടുത്തി സംസ്ഥാനത്തെ -പാലക്കാട് ജില്ലയിലെ ചിറ്റൂർ ബ്ലോക്ക് അമിത ചൂഷണ ബ്ലോക്കായും, തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ ബ്ലോക്ക്, കാസർഗോഡ് ജില്ലയിലെ കാസർഗോഡ് ബ്ലോക്ക്, പാലക്കാട് ജില്ലയിലെ മലമ്പുഴ ബ്ലോക്ക് എന്നിവ ക്രിട്ടിക്കലായും, 22 ബ്ലോക്കുകൾ സെമിക്രിട്ടിക്കലായും തരം തിരിച്ചിട്ടുണ്ട്. 125 ബ്ലോക്കുകൾ സേഫ് ആയും തരം തിരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ